പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 420 | 28.6.2011-ൽ മറുപടിക്ക്

**മലബാർ സിമൻറ്സിൻെറ ചേർത്തല യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മലബാർ സിമൻറ്സിൻെറ ചേർത്തല യൂണിറ്റ് കഴിഞ്ഞ രണ്ട് വർഷത്തോളമായി അടഞ്ഞുകിടക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; ഈ ഫാക്ടറിയിൽ ജോലി ചെയ്തിരുന്ന നൂറോളം വരുന്ന കയറ്റിറക്ക് തൊഴിലാളികളെ കമ്പനിയുടെ സ്ഥിരം തൊഴിലാളികളായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്; ചേർത്തല യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നകാര്യം സർക്കാരിൻെറ സജീവ പരിഗണനയിലാണ്. |
| (ബി) മലബാർ സിമൻറ്സിലെ നിലവിലുള്ള കരാർ സമ്പ്രദായം അവസാനിപ്പിക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) മലബാർ സിമൻറ്സ് ചേർത്തല യൂണിറ്റിൽ കയറ്റിറക്ക് ജോലിക്കുള്ള കരാർ ഇപ്പോൾ നിലവിൽ ഇല്ല. |
| (സി) ചേർത്തല മലബാർ സിമൻറ്സ് യൂണിറ്റ് പരിഷ്കരിക്കുവാനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) യൂണിറ്റ് പ്രവർത്തന സജ്ജമാകുമ്പോൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ